പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 6071,

2018 ഏപ്രിൽ 02, മറുപടിക്ക്

എസ്.എൽ.ഐ, ജി.ഐ.എസ് അപേക്ഷകർക്ക് പാസ് ബുക്കുകൾ ലഭ്യമാകുന്നില്ലെന്ന പരാതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ആർ സുനിൽ കുമാർ | | ഡോ. റ്റി.എം. തോമസ് ഐസക്ക്<br>ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| എ) | എസ്.എൽ.ഐ, ജി.ഐ.എസ് അപേക്ഷകൾ സമർപ്പിച്ച് വർഷങ്ങളായിട്ടും അപേക്ഷകർക്ക് പാസ് ബുക്കുകൾ ലഭ്യമാകുന്നില്ലെന്ന വ്യാപകമായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; | പുതിയ പോളിസികൾ എടുക്കുന്നവരുടെ എണ്ണത്തിലുണ്ടായ ക്രമാതീതമായ വർദ്ധനവും കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള ജീവനക്കാരെ തന്നെ നിയോഗിക്കേണ്ടി വന്നതും എസ്.എൽ.ഐ, ജി.ഐ.എസ്. പോളിസി പാസ്സ് ബുക്ക് നൽകുന്നതിൽ കാലതാമസം ഉണ്ടാക്കിയിട്ടുണ്ട്. വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ത്വരിതപ്പെടുത്തി പാസ്ബുക്ക് പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| സി) | എസ്.എൽ.ഐ, ജി.ഐ.എസ് പാസ് ബുക്കുകൾ ഓൺലൈൻ ആയി വിശ്വാസ് മുഖേന അപ്ഗ്രേഡ് ചെയ്യുന്നതിലുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| ഡി) | ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ഇതു സംബന്ധിച്ച് ശ്രദ്ധയിൽപെട്ടിട്ടുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ